LIBRARY ARCHIVES Kerala Legislative Assembly

ജോലി സ്ഥലത്ത് വച്ച് വനിതകൾക്കെതിരെ അതിക്രമം കാട്ടിയ ഉദ്യോഗസ്ഥനെതിരെ നടപടി

138 [1665] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വകുപ്പിൽ സീനിയർ സയന്റിഫിക് അസിസ്റ്റന്റ് ആയ ഗോപകുമാരൻ നായരുടെ പേരിൽ ജോലി സ്ഥലത്ത് വച്ച് വനിതകൾക്കെതിരെ അതിക്രമം ആരോപിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധമായി ജില്ലാതല കംപ്ലെയിന്റ് കമ്മിറ്റിയുടെ ശുപാർശ മെഡിക്കൽവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശുപാർശയുടെ വിശദാംശം വ്യക്തമാക്കാമോ;

(സി) ടി ശുപാർശയുടെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥനെതിരെ വകുപ്പ് സ്വീകരിച്ചിട്ടുള്ള ശിക്ഷണ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ടിയാൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; ക്രിമിനൽ കേസ് രജിസ്റ്റർചെയ്യാൻ ജില്ലാതല കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ;

(ഇ) ടിയാനെതിരെ സ്ത്രീപീഡനം, ലൈംഗിക ആരോപണം ഉൾപ്പെടെ നിരവധി പരാതികൾ ഉണ്ടാകുകയും തെളിയിക്കപ്പെടുകയും ശിക്ഷ നൽകണമെന്ന് നിയമാനുസൃതമായി ഒരു കമ്മിറ്റി ശുപാർശചെയ്തിട്ടും ഇതുവരെയായി വകുപ്പിൽ നിന്നും കാര്യമായ ഒരു നടപടിയും സ്വീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ;

(എഫ്) ടിയാനെതിരെ ക്രിമിനൽകേസ് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കാതെ ഇത്രയും കാലം ശിക്ഷയിൽ നിന്നും ഒഴിവാക്കിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ആവശ്യപ്പെടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വകുപ്പിൽ സീനിയർ സയന്റിഫിക് അസിസ്റ്റന്റ് ആയ ശ്രീ. ഗോപകുമാരൻ നായരുടെ പേരിൽ ജോലി സ്ഥലത്തുവച്ച് ഡോക്ടർമാർ ഉൾപ്പെടെയുള്ള വനിതാ ജീവനക്കാർക്കെതിരെ അതിക്രമം ആരോപിച്ചിട്ടുള്ള പരാതി ലഭിച്ചിട്ടുണ്ട്. അതിൻ പ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫോറൻസിക് മെഡിസിൻ വിഭാഗം മേധാവിയും മെഡിക്കൽ കോളേജിലെ വനിതാ സെല്ലും അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല കംപ്ലെയിന്റ് കമ്മിറ്റിയും അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) ഇതു സംബന്ധമായി ജില്ലാതല കംപ്ലെയിന്റ് കമ്മിറ്റിയുടെ ശുപാർശ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

(സി) ഇക്കാര്യത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ടിയാൾക്കെതിരെ ക്രിമിനൽ കേസുകൾ നിലവിലുള്ളതായി അറിയാം. ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാൻ ജില്ലാതല കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

(ഇ & എഫ്) ഇതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയിലെ സൂപ്രണ്ടിനും ഇതര സ്റ്റാഫുകൾക്കു മെതിരെയുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കൽ

139 [1666] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കടയ്ക്കൽ ഗവ. ആശുപത്രിയിലെ ഡോ. എം. എം. റാവുത്തറുടേയും മറ്റു സ്റ്റാഫുകളുടേയും പൊതുജനങ്ങളോടുള്ള പെരുമാറ്റത്തേയും ചികിൽസ നിഷേധിക്കലിനേയും സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്മേൽ എന്തെല്ലാം തുടർ നടപടികൾ കൈക്കൊള്ളു മെന്ന് വെളിപ്പെടുത്തുമോ;

(സി) ആശുപത്രി സൂപ്രണ്ടിന്റെയും ഇതരസ്റ്റാഫുകളുടെയും പെരുമാറ്റത്തിലും കൃത്യനിർവ്വഹണത്തിലും വന്നിട്ടുള്ള പാകപ്പിഴകൾ അന്വേഷിച്ച ഡി.എം.ഒ.യുടെ റിപ്പോർട്ടിലെ വിശദാംശം വെളിപ്പെടുത്തുമോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) അന്വേഷണ റിപ്പോർട്ടിൻമേൽ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ;

(ഇ) നടപടി സ്വീകരിച്ചില്ലെങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയെപ്പറ്റി അടിയന്തിരമായി അന്വേഷണം നടത്തുവാൻ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറോട് (ആരോഗ്യം) ആവശ്യപ്പെട്ടിട്ടുണ്ട്.

(സി, ഡി, & ഇ.) കൊല്ലാം ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിച്ചാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

---

† അനുബന്ധം VI.

2/2314/2012/DTP.

അനുബന്ധം V

[2-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 115 (1638)-ന്റെ ഉത്തരം ദയവായി കാണുക]

വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങൾ

വർഷം	ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	മുനിസിപ്പാലിറ്റി	കോർപ്പറേഷൻ
1996-97	120	12	1	10	..
1997-98	188	13	2	16	1
1998-99	207	33	1	12	1
1999-2000	211	42	1	20	1
2000-01	277	51	4	30	4
2001-02	395	89	5	36	4

അനുബന്ധം VI

[2-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 138 (1665)-ന്റെ ഉത്തരം ദയവായി കാണുക]

RECOMMENDATION OF THE DISTRICT LEVEL COMPLAINT COMMITTEE OF WOMEN AGAINST SEXUAL HARASSMENT AT WORK PLACES

The Committee received a report from the Chairperson Women's Cell, Medical College, Thiruvananthapuram based on the complaint from the complainents, lady doctors of Micro-Biology Department regarding the misbehaviour and sexual harassment of an officer S. Gopakumaran Nair, Senior Scientific Officer, AIDS Surveillants Centre (renamed as Voluntary Counselling and Testing Centre), Medical College, Thiruvananthapuram.

The accused officer was given opportunity to appear before the committee to detect the veracity of the complaint.

LIBRARY ARCHIVES Kerala Legislative Assembly

The aggrieved parties were also summoned and opportunity was given to explain their complaints. All their statements were recorded and found that there are certain points to be given importance for consideration for the purpose of this comittee.

It is made clear from the statements given by the complainants and witnesses that Gopakumaran Nair harassed the women doctors and higher-ups who are ladies at work place Gopakumaran Nair had given statement regarding the mal-administration of the said department and connected administrative, matters which are not coming consideration within the purview of this committee. This committee is constituted for the purpose of ensuring the prevention of sexual harassment of women at work places.

The Supreme Court has laid down certain guideliness and norms for this purpose. As per the said guidelines the sexual harassment includes such unwelcome sexually determined behaviour whether directly or by implication as:

(a) Physical contact and advances.

(b) A demand or request for sexual favours.

(c) Sexually coloured remarks.

(d) Showing pornography.

(e) Any other unwelcome physical, verbal or non-verbal of sexual nature. Where any of these acts is committed in circumstances whrere under the victim of such conduct has a reasonable apprehension that in relation to the victims employment or work.

From the statement recorded by the committee of the complainant and witnesses all of them are of the opinion that very often the accused officer spoke to them with sexually coloured remarks and more than one occasion he has shown pornography. His continuous sexually coloured remarks and other gestures or words are intended to insult the modesty of a woman namely the complainant and witnesses. That was done by the accused officer intending to insult the modestry of them is an offence, punishable under the provisions of Indian penal code. And such conduct amounts to misconduct in employment as defined by the relevant service rules, hence it is recommened to initiate appropriate disciplinary action by the employer in accordance with rules.

LIBRARY ARCHIVES Kerala Legislative Assembly

The statement and certain words used against the complainant and other witnesses are offensive to chastity, modesty, purtity and decency of women. So the said activities of the accused will clearly come under the provisions of the Penal Law.

The committee convinced that the accused has committed misconduct in employment and the offences which are punishable under the provisions of Penal Laws and hence this committee recommends as follows:—

1. To initiate appropriate Disciplinary Action in accordance with rules for the misconduct in employment.
2. The employer should filed complaint to the appropriate authority for registering criminal case.

LIBRARY ARCHIVES Kerala Legislative Assembly